## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാ നേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങേയ്ക്ക് ചട്ടം 215 പ്രകാരമുള്ള ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിന് എതിരായാണ് ചട്ടം 215 പ്രകാരം ഞാൻ നോട്ടീസ് നൽകിയിട്ടുള്ളത്. ഇന്ന് ഈ സഭയുടെ മുമ്പാകെ ആറ് ബില്ലുകളാണ് പരിഗണനയ്ക്കായിവരുന്നത്. ഒരു ദിവസം ആറ് ബില്ലുകൾ ചർച്ചയ്ക്കെടുക്കുന്നത് അസാധാരണമായ സാഹചര്യമാണ്. നാളെയും ആറ് ബില്ലുകളാണ് ചർച്ചയ്ക്കായി വരുന്നത്. ഈ നിയമനിർമ്മാണ സഭയുടെ കീഴ്വഴക്കങ്ങളും മുമ്പുള്ള നടപടിക്രമങ്ങളും പരിശോധിക്കുമ്പോൾ...., മുമ്പ് സാമാജികരായിരുന്നവർക്കും അറിവുള്ളതാണ്, ഒരു ബില്ലിന് പരമാവധി ഒന്നര മണിക്കൂർ ചർച്ചയ്ക്ക് അവസരമുണ്ടായിട്ടുണ്ട്. സാധാരണഗതിയിൽ

ബില്ലിന്റെ ചർച്ചയ്ക്ക് സമയപരിധി നിയന്ത്രിക്കാറില്ലെങ്കിൽപ്പോലും ഏറ്റവും കുറഞ്ഞത് ഒന്നര മണിക്കൂർ സമയം കിട്ടിയിരുന്നു. ഒരു ദിവസം രണ്ട് ബില്ലുകൾ ചർച്ചയ്ക്കെടുക്കാറുണ്ട്. മൂന്ന് ബില്ലുകൾ വന്ന സമയത്ത് എതിർത്ത, അന്നത്തെ പ്രതിപക്ഷത്തിരുന്ന ബഹുമാനപ്പെട്ട അംഗങ്ങൾതന്നെയാണ് ഇപ്പോൾ ആറ് ബില്ലുകൾ ഒരു ദിവസം സഭയിൽ എടുക്കുന്നത്. ലോക്ആയുക്തപോലെയുള്ള അഴിമതി വിരുദ്ധ സംവിധാനത്തിന്റെ ചിറകരിയുന്ന ബില്ലുപോലും അരമണിക്കൂർ ചർച്ചയിലേയ്ക്ക് പരിമിതപ്പെടുത്തുകയാണ്. അതുകൊണ്ട് കാര്യോപദേശക സമിതിയുടെ ശിപാർശ പുനഃപരിശോധനയ്ക്കായി അതേ കമ്മിറ്റിക്കുതന്നെ മടക്കി അയയ്ക്കണമെന്ന ഭേദഗതി ഞാൻ ചട്ടം 215 പ്രകാരം അവതരിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടനും ഇതേ ഭേദഗതിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രത്യേക സാഹചര്യംകൊണ്ടാണ് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിക്ക്

ഇത്തരത്തിലൊരു നിലപാട് എടുക്കേണ്ടിവന്നത്. അതുകൊണ്ടുതന്നെ ഇത് പരിഗണിച്ച് അംഗീകരിച്ചുപോകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>മി. സ്പീക്കർ:</u> ശ്രീ. പി. സി. വിഷ്ണുനാഥ്, കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് പ്രസ്തുത കമ്മിറ്റിക്കുതന്നെ മടക്കി അയയ്ക്കണമെന്ന ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.